# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: *432

16.05.2017 - ൽ
മറുപടിയ്ക്ക്

## 'വാപ്കോസ്' മുഖേന കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ആർ. സുനിൽ കുമാർ<br>ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ.എൽദോ എബ്രഹാം | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) കേന്ദ്ര ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമായ വാപ്കോസ് (WAPCOS) മുഖേന എന്തെല്ലാം പദ്ധതികളാണ് കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ; | എ) വട്ടവട, കാന്തല്ലൂർ സ്പെഷ്യൽ അഗ്രിക്കൾച്ചറൽ സോൺ, ജില്ലാ കൃഷിത്തോട്ടം നേര്യമംഗലം, ഓറഞ്ച് ആന്റ് വെജിറ്റബിൾ ഫാം നെല്ലിയാമ്പതി എന്നിവയുടെ സമഗ്രമായ വികസനത്തിന് കേന്ദ്ര ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമായ വാപ്കോസിന്റെ സഹായം ലഭ്യമാക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. വിശദമായ പഠനം നടത്തി ഡീറ്റെയിൽഡ് പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുക, പ്രോജക്റ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് വിശദമായ സാങ്കേതിക മാനദണ്ഡങ്ങൾ തയ്യാറാക്കി ദർഘാസ് ക്ഷണിക്കുക, ടി പ്രോജക്ടിന്റെ മേൽനോട്ടം വഹിക്കുക, കർഷകർക്കും കൃഷി ഉദ്യോഗസ്ഥർക്കും പരിശീലനം നൽകുക എന്നീ സേവനങ്ങളാണ് വാപ്കോസിൽ നിന്നും ലഭ്യമാക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളത്. ഇതു സംബന്ധിച്ച നടപടികൾ പ്രാരംഭ ദിശയിലാണ്. |
| ബി) കൃഷി വകുപ്പിന്റെ അധീനതയിലുള്ള ഫാമുകളുടെ ആധുനികവത്കരണത്തിനായി എന്തെല്ലാം സഹായങ്ങളാണ് വാപ്കോസ് നല്കുന്നതെന്ന് അറിയിക്കുമോ? | ബി) കൃഷി വകുപ്പിന്റെ അധീനതയിലുള്ള ഫാമുകളുടെ ആധുനികവത്കരണത്തിനായി വാപ്കോസ് ചുവടെ ചേർക്കുന്ന സേവനങ്ങൾ ലഭ്യമാക്കാൻ സന്നദ്ധമാണെന്ന് അറിയിച്ചിട്ടുണ്ട്:-<br>1. ജല വിഭവശേഷി പഠനം<br>2. ജലസേചന പദ്ധതികളുടെ വികസനം<br>3. മണ്ണ് ജല സംരക്ഷണം<br>4. ഫാമുകളിൽ യന്ത്രവൽക്കരണം<br>5. നൂതന കാർഷിക പ്രവർത്തനങ്ങൾ<br>6. ഫുഡ് പ്രോസസിംഗ്, മൂല്യ വർദ്ധിത ഉത്പന്നങ്ങളുടെ വിപണനം<br>7. കർഷകർക്കും ഫാം ഓഫീസർമാർക്കും തൊഴിലാളികൾക്കും ഉള്ള പരിശീലന പരിപാടി, സെമിനാർ, ശില്പശാല, കൃഷിസ്ഥലം സന്ദർശിക്കൽ എന്നിവ സംഘടിപ്പിക്കുക |

സെക്ഷൻ ഓഫീസർ